1. ഡെറാഡൂൺ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിൽ നിന്നും ലഭിച്ച നിർദ്ദിഷ്ട അപേക്ഷാഫാറം (2 കോപ്പി)
2. പാസ്പോർട്ട് വലിപ്പത്തിലുള്ള 3 ഫോട്ടോകൾ ഒരു കവറിൽ ഉള്ളടക്കം ചെയിതിരിക്കണം.
3. സ്ഥലത്തെ ജനന മരണ രജിസ്ട്രാർ നൽകുന്ന ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്തിരിക്കണം.
4. സ്ഥിരമായ വാസസ്ഥലം സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ് (State Domicile Certificate) ഹാജരാക്കണം.
5. കുട്ടി നിലവിൽ പഠിക്കുന്ന സ്കൂളിലെ മേലധികാരി നിർദ്ദിഷ്ട അപേക്ഷഫോറം സാക്ഷ്യപ്പെടുത്തുന്നതോടൊപ്പം ഫോട്ടോ പതിപ്പിച്ച് ജനനത്തീയതി അടങ്ങിയ കത്തും സാക്ഷ്യപ്പെടുത്തി ഹാജരാക്കണം.
6. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ രണ്ട് പകർപ്പ് ഹാജരാക്കണം.

സെക്രട്ടറി

പകർപ്പ്

1. എല്ലാഡെപ്യൂട്ടിഡയറക്ടർമാർക്കും(വിദ്യാഭ്യാസം)
2. എല്ലാജില്ലാവിദ്യാഭ്യാസആഫീസർമാർക്കും
3. എല്ലാ ഉപജില്ലാവിദ്യാഭ്യാസആഫീസർമാർക്കും

നമ്പർ.ഇ.എക്സ് .എച്ച് 3/712/2018/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാ ഭവൻ,
പൂജപ്പുര,തിരുവനന്തപുരം-12
തീയതി: 16-01-2018

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

**എല്ലാജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും,**
**എല്ലാ ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും**

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം- പരീക്ഷാഭവൻ- ഇന്ത്യൻ മിലിട്ടറികോളേജ് പ്രവേശനത്തിലുള്ള പരീക്ഷ 2018 ജനുവരി -കുട്ടികളെ പങ്കെടുപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ16-01-2018-ലെ ഇതേ നമ്പർ സർക്കുലർ

------

ഈ ഓഫീസിലെ സൂചന സർക്കുലറിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ സർക്കുലറിലെ വിഷയം പ്രധാന അദ്ധ്യാപകരുടെ മീറ്റിംഗിൽ പ്രത്യേക നിർദ്ദേശം നൽകി. താങ്കളുടെ ഓഫീസിന്റെ അധികാര പരിധിയിൽവരുന്ന 13വയസ്സിനുള്ളിൽ (02-01-2006 നും 01-07-2007-നും മദ്ധ്യേ ജനിച്ച കുട്ടികൾ) മിടുക്കരായ ആൺകുട്ടികളെ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതുസംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ പരീക്ഷാഭവന്റെ (www.keralapareekshabhavan.in) വെബ്സൈറ്റിലും 0471-2546827 എന്ന ഫോൺ നമ്പരിൽ നിന്നും ലഭിക്കുന്നതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി

നം. ഇ.എക്സ്/എച്ച്3/712/2018/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം
തീയതി: 16/01/2018

# സർക്കുലർ

വിഷയം: പരീക്ഷാഭവൻ -രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജ് പ്രവേശനത്തിനുള്ള പരീക്ഷ- 2018 ജൂൺ - സംബന്ധിച്ച്

സൂചന: രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജിൽ നിന്നും 06/01/2018 ലെ EE/JUN 18/Adert/ പ്രകാരം ലഭിച്ച വിജ്ഞാപനം.

സൂചന പ്രകാരം ലഭിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. താങ്കളുടെ അധികാര പരിധിയിൽപ്പെടുന്ന അംഗീകാരമുള്ള എല്ലാസ്കൂളുകളിലും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നിർബന്ധമായി നൽകേണ്ടതാണ്.

ഡെറാഡൂണിലെ ഇൻഡ്യൻ മിലിട്ടറി കോളേജിലേക്ക് 2019 ജനുവരിമാസത്തിൽ നടക്കുന്ന പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷ തിരുവനന്തപുരത്ത് പൂജപ്പുരയിലുള്ള പരീക്ഷാകമ്മീഷണറുടെ ആഫീസിൽ **2018 ജൂൺ** മാസം 1,2 തിയതികളിൽ നടത്തുന്നതാണ്. ആൺകുട്ടികൾക്കു മാത്രമാണ് പ്രവേശനത്തിന് അർഹതയുള്ളത് 01/01/2019 ൽ അഡ്മിഷൻ സമയത്ത് അംഗീകാരമുള്ള എതെങ്കിലുംവിദ്യാലയത്തിൽ ഏഴാം ക്ളാസിൽ പഠിക്കുകയോ ഏഴാം ക്ളാസ് പാസായിരിക്കുകയോ വേണം.02/01/2006 നു മുൻപോ 01/07/2007 നു ശേഷമോ ജനിച്ചവർക്ക് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. (അതായത് 01-01-2018-ൽ അഡ്മിഷൻ സമയത്ത് $11\frac{1}{2}$ വയസ്സിനും 13 വയസ്സിനും ഉള്ളിലുള്ളവരായിരിക്കണം) അഡ്മിഷൻ നേടിയതിനു ശേഷം ജനനതിയതിയിൽ മാറ്റം അനുവദിക്കുന്നതല്ല

പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ ഫാറവും, വിവരങ്ങളും, മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകളും ലഭിക്കുന്നതിനായി രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിലേക്ക് അപേക്ഷിക്കേണ്ടതാണ്. പരീക്ഷ എഴുതുന്ന ജനറൽ വിഭാഗത്തിലെ കുട്ടികൾക്ക് 600/ രൂപയ്ക്കും എസ്സി/ എസ്ടി വിഭാഗത്തിലെ കുട്ടികൾ ജാതിതെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 555/ രൂപയ്ക്കും അപേക്ഷ സ്പീഡ് പോസ്റ്റിൽ ലഭിക്കുന്നതാണ്. നിർദ്ദിഷ്ട അപേക്ഷ ലഭിക്കുന്നതിനായി മുകളിൽ പറയുന്ന തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് **"ദി കമാൻഡന്റ്, രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറികോളേജ്, ഡെറാറൂൺ, ഡ്രായർ ബ്രാഞ്ച്, സ്റ്റേറ്റ് ബാങ്ക്ഓഫ്ഇന്ത്യ, ടെൽ ഭവൻ ഡെറാറൂൺ (ബാങ്ക്കോഡ് 01576)** എന്ന വിലാസത്തിൽ മാറാവുന്ന തരത്തിൽ എടുത്ത് കത്ത് സഹിതം**"ദി കമാൻഡന്റ്, രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറികോളേജ്, ഡെറാറൂൺ, ഉത്തരാഞ്ചൽ 248003** എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

കേരളത്തിലും ലക്ഷദ്വീപിലും ഉള്ള അപേക്ഷകർ രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറികോളേജിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷകൾ പൂരിപ്പിച്ച് 31/03/2018 നു മുൻപായി ലഭിക്കുന്ന തരത്തിൽ **"സെക്രട്ടറി,പരീക്ഷാഭവൻ,പൂജപ്പുര, തിരുവനന്തപുരം 12"** എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ചേർത്ത് അയയ്ക്കേണ്ടതാണ്.